# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :6735

04.04.2018-ൽ
മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

*ചോദ്യം*
ശ്രീ.രാജു എബ്രഹാം

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ കോളേജുകളിൽ എല്ലാം കൂടി ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് ഉള്ളത്; | (എ) & (ബി) | സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്കും അവയിലെ സീറ്റ് വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ അക്കാദമിക് വർഷത്തിൽ ഇതിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | കുട്ടികളുടെ അഭാവം മൂലം തുടർച്ചയായി അഡ്മിഷൻ നടക്കാത്ത കോളേജുകളുടെ തുടർപ്രവർത്തനം സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കുട്ടികളുടെ അഭാവമുള്ള കോളേജുകളെ സംബന്ധിച്ച് സാങ്കേതിക സർവകലാശാല വിശദമായ പരിശോധന നടത്തിയ ശേഷം മാത്രമേ, പ്രസ്തുത കോളേജുകളുടെ തുടർപ്രവർത്തനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | സാങ്കേതിക സർവ്വകാലാശാല നടത്തുന്ന എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിജയശതമാനം വളരെ കുറവാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക സർവകലാശാല കോളേജുകളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനു വേണ്ടി അക്കാഡമിക് ഓഡിറ്റിംഗ് നടത്തി വരുന്നു. അധ്യാപകരുടെ യോഗ്യത പരിശോധിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. അധ്യാപകർക്ക് സർവകലാശാല തന്നെ Faculty Development course നടപ്പിലാക്കി വരുന്നു. |
| (ഇ) | സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷകളിലെ വിജയ ശതമാനക്കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

Saleel

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്കും സീറ്റ് വിവരവും

| District | Total No. of Self-Financing Engineering Colleges | Approved Intake | Actual Intake | Vacant seats |
|---|---|---|---|---|
| Alappuzha | 12 | 2400 | 1126 | 1274 |
| Ernakulam | 27 | 10905 | 5600 | 5305 |
| Idukki | 03 | 750 | 222 | 528 |
| Kannur | 06 | 1470 | 877 | 593 |
| Kasaragod | 05 | 540 | 155 | 385 |
| Kollam | 15 | 3300 | 1357 | 1943 |
| Kottayam | 09 | 3510 | 2264 | 1246 |
| Kozhikode | 06 | 1440 | 462 | 978 |
| Malappuram | 05 | 2280 | 1116 | 1164 |
| Palakkad | 07 | 2490 | 807 | 1683 |
| Pathanamthitta | 08 | 1650 | 671 | 979 |
| Thiruvananthapuram | 23 | 6150 | 3040 | 3110 |
| Thrissur | 16 | 6630 | 2931 | 3699 |
| Grand Total | 142 | 43515 | 20628 | 22887 |

Sd/-

സെക്ഷൻ ഓഫീസർ